"തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന നികുതികൾ അവയുമായി പങ്കു വക്കുന്ന നികുതികൾ. വിവിധ തരത്തിലുള്ള നിയമബദ്ധമായും അല്ലാതെയും പൊതുവെയും പ്രത്യേക ആവശ്യങ്ങൾക്കായും കൊടുക്കുന്ന എല്ലാ ഗ്രാൻറുകൾക്കും പകരമായി അക്കൗണ്ടൻറ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന തുകയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന സംസ്ഥാനത്തിൻെറ തനതു നികുതി വരവിൻെറ മുന്നര ശതമാനം വരുന്ന തുക ഗവൺമെൻറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ കൊല്ലവും പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാൻറായി കൈമാറേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് നൽകി വരുന്ന ഭൂ നികുതി, സ്റ്റാമ്പ് ഡ്യൂട്ടിയിൻമേലുള്ള സർചാർജ്ജ്, വാഹന നികുതി നഷ്ടപരിഹാരം, റൂറൽ പുൾ ഗ്രാൻറുകൾ പൊതുവായും പ്രത്യേകമായും നഗരഭരണ പ്രദേശങ്ങൾക്ക് കൊടുക്കുന്ന ഗ്രാൻറുകൾ, മറ്റെല്ലാ പദ്ധതിയേതര ഗ്രാൻറുകൾ എന്നിവയെല്ലാം ഇതിനകത്ത് ഒതുങ്ങുന്നതാണ്."

നടപടി:

ശുപാർശ സർക്കാർ ഇതിനകം തന്നെ അംഗീകരിച്ചിട്ടുണ്ട്. പൊതു ആവശ്യ ഗ്രാൻറിനത്തിൽ, 1-4-2004 മുതൽ ബജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. 2004-05 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം പഞ്ചായത്തുകൾക്ക് 174.15 കോടി രൂപയും മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും 31.17 കോടി രൂപയുമാണ്.

ശുപാർശ നം.3.

"പതിനൊന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാൻറുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ ഗ്രാൻറുകൾക്കു പുറമെ അതേപടി നൽകേണ്ടതാണ്."

നടപടി:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ടി ഗ്രാൻറ് പ്ളാൻ ഗ്രാൻറിൻെറ ഭാഗമായാണ് നൽകുന്നതെങ്കിലും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമുള്ള വിഹിതം വെവ്വേറെയാണ് കാണിക്കേണ്ടത് എന്ന ഭേദഗതിയോടുകൂടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

ശുപാർശ നം.4(എ)

പദ്ധതിസഹായ ഗ്രാൻറ്

"പദ്ധതിസഹായം നൽകുന്നതിനും അതു പങ്കു വയ്ക്കുന്നതിനും നിലവിലിരിക്കുന്ന രീതി തന്നെ തുടരേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ പ്രദേശങ്ങൾക്കും പദ്ധതി വിഹിതത്തിൽ പട്ടികജാതി/ പട്ടിക വർഗ്ഗേതര വിഭാഗത്തിന് നീക്കി വച്ചിട്ടുള്ള തുകയുടെ 10 ശതമാനം വരെ തനതു വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രോൽസാഹന മായി വീതിച്ചു കൊടുക്കേണ്ടതാണ്. തനതു വരുമാനത്തിൽ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ പ്രദേശങ്ങളും നേടുന്ന അധിക വരുമാന ത്തിൻെറ ശതമാനം തന്നെയായിരിക്കും വീതിച്ചു കൊടുക്കേണ്ട പ്രോൽസാഹന ഗ്രാൻറിൻെറയും ശതമാനം. പ്രസ്തുത തുക താഴെ പറയുന്ന ഫോർമുല അനുസരിച്ച് വീതിക്കേണ്ടതാണ്.

$\theta i = ri.Pi / \sum ri.Pi$

θi – തദ്ദേശസ്വയംഭരണ സ്ഥാപനം i ൻെറ വീതം

ri – അതിൻെറ വരുമാനത്തിലുള്ള വർദ്ധനയുടെ ശതമാനം

Pi – തദ്ദേശസ്വയംഭരണ സ്ഥാപനം i ൻെറ ജനസംഖ്യ

ഈ പ്രോൽസാഹന പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതി മുൻകൂട്ടി തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 2005-06 വർഷത്തെ വിഹിതത്തിൽ ഇത് പ്രതിഫലിക്കുന്നതാണ്.

ശുപാർശ നം.4(ബി)

സംരക്ഷണ ഗ്രാൻറ്:

"അടിസ്ഥാന നിബന്ധനകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിച്ചു കൊണ്ടും പുതുക്കിപ്പണിയുന്നതിനാവശ്യമായി വരുന്ന നിലവിലുള്ള ചെലവുകൾ കണക്കിലെടുത്തുകൊണ്ടും താഴെപ്പറയും പ്രകാരം സംരക്ഷണ ഗ്രാൻറ് നിശ്ചയിക്കേണ്ടതാണ്.

i) 1-4-1967ന് മുൻപ് പണി ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണം	മുലധനച്ചെലവിൻെറ 3%
ii) 1.4.1967ന് ശേഷം പണി ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണം	മുലധനച്ചെലവിൻെറ 2%
iii) ഇപ്പോഴത്തെ നിർമ്മാണ ചെലവ്	ചതുരശ്ര അടിക്ക് 400 രൂപ
iv) ബ്ളാക്ക്ടോപ്പ് / WBM റോഡിൻെറ ഉപരിതലം പുതുക്കി പണി ചെയ്യേണ്ട കാലാവധി	5 കൊല്ലത്തിലൊരിക്കൽ
v) ബ്ളാക്ക്ടോപ്പ് റോഡിന് ആവശ്യമായ വാർഷിക അറ്റകുറ്റപ്പണിയുടെ ചെലവ്	കി. മീറ്ററിന് 25000 രൂപ
vi) WBM റോഡിന് പ്രതിവർഷം അറ്റകുറ്റ പണിക്ക് ആവശ്യമായ ചെലവ്	കീ. മീറ്ററിന് 23000 രൂപ
vii) ടാർ ഇടാത്ത റോഡുകളുടെ പ്രതി വർഷ അറ്റകുറ്റപ്പണിയുടെ ചെലവ്	കി. മീറ്ററിന് 2000 രൂപ

viii) 3.8 മീറ്റർ വീതിയുള്ള ബ്ളാക്ക്ടോപ്പ് റോഡിന്റെ ഉപരിതലം വീണ്ടും പണി ചെയ്യുന്നതിനുള്ള ചെലവ് — കീ..മീറ്ററിന് 1.65 ലക്ഷം രൂപ

ix) 3.8 മീറ്റർ വീതിയുള്ള WBM റോഡിന്റെ ഉപരിതലം പുതുക്കി പണിയുന്നതി നാവശ്യമായ ചെലവ് — കീ. മീറ്ററിന് 1.84 ലക്ഷം രൂപ."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം.6

"സംരക്ഷണ ഗ്രാന്റിന്റെ വീതം വയ്ക്കൽ താഴെ പറയുന്ന രീതിയിലാകണമെന്ന് നിർദ്ദേശിക്കുന്നു.

1. 2000-01 ൽ 140 കോടി രൂപ എന്ന അടിസ്ഥാനത്തിൽ തുക വക കൊള്ളിക്കുന്ന വർഷത്തേക്ക് വില സൂചികയുടെ അടിസ്ഥാനത്തിൽ തുക കണക്കാക്കുക. നിർമ്മാണ മേഖലയിൽ പ്രതിഫലിക്കുന്ന പണത്തിന്റെ മൂല്യശോഷണത്തോത് മേൽപറഞ്ഞ സൂചിക കണക്കാക്കാൻ ഉപയോഗിക്കാവുന്നതാണ്.
2. മേൽ കണക്കാക്കുന്ന തുകയുടെ 1/7 ജില്ലാ/ ബ്ളോക്ക് പഞ്ചായത്തുകൾക്ക് വേണ്ടി മാറ്റിവക്കേണ്ടതും അവ തമ്മിൽ 19:1 എന്ന അനുപാതത്തിൽ വീതിച്ചു കൊടുക്കേണ്ടതുമാണ്. ബ്ളോക്ക് പഞ്ചായത്തുകൾക്കുള്ള തുക തുല്യമായി വീതിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകൾക്ക് ചെല്ലേണ്ട തുകയുടെ പകുതി അവക്ക് ഗ്രാമീണ റോഡുകളും മറ്റു ജില്ലാ റോഡുകളും വീതിച്ചു നൽകിയ അതേ അനുപാതത്തിൽ പങ്കു വയ്ക്കുകയും ബാക്കി പകുതി റോഡ് ഒഴികെയുള്ള അവരുടെ മറ്റ് ആസ്തികൾക്ക് (1995 ന് ശേഷം പണി കഴിപ്പിച്ചിട്ടുള്ളവ) ഉള്ള സംരക്ഷണത്തിന് വേണ്ടി, മുൻകൂട്ടി തീരുമാനിച്ച, വ്യക്തമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ വീതിച്ചു നൽകേണ്ടതുമാണ്.
3. ഗ്രാമ പഞ്ചായത്തുകൾക്കും നഗര ഭരണ പ്രദേശങ്ങൾക്കും ചെല്ലേണ്ട തുകയുടെ 7/8 ഇപ്പോൾ വാഹനനികുതി വിഹിതം അവയ്ക്ക് വീതിച്ചു നൽകുന്ന അതേ അനുപാതത്തിലും ശേഷിച്ച 1/8 അവയുടെ തനതും 1995 ന് മുൻപ് കൈമാറ്റം ചെയ്യപ്പെട്ട റോഡ് ഒഴികെയുള്ള ആസ്തികൾക്കു വേണ്ടിയും മുൻ നിശ്ചയിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ വീതിച്ചു നൽകേണ്ടതാണ്.
4. മുകളിൽ പറഞ്ഞ വിഹിത നിർണയരീതിക്ക് തുടരെ തുടരെയുള്ള തിരുത്തലു കൾക്ക് വിധേയമായി കുടുതൽ കുടുതൽ കൃത്യത കൈവരുത്തേണ്ടതാണ്.
5. 2000-01 ൽ 140 കോടി രൂപ എന്ന കണക്കിൽ കണക്കാക്കിയ തുകയിൽ മിച്ചം വരുന്ന സംരക്ഷണ ചെലവിനുള്ള തുക പദ്ധതി വിഹിതം വീതിച്ചു കൊടുക്കുന്ന അതേ രീതിയിൽ വീതിച്ചു നൽകേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

ശുപാർശ നം.6 (സി)

പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാൻറ്:

"ജില്ലാ/ ബ്ളോക്ക് പഞ്ചായത്തു് ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമാവശ്യമായ തുക അവരുടെ പൊതു ഉപയോഗത്തിനുള്ള ഗ്രാൻറിന്റെ ഭാഗമായി ഇക്കാര്യത്തിലെ വ്യക്തമായ നിർദ്ദേശങ്ങൾക്കനുസരണമായി ഏകനിർവ്വഹണ കൃത്യമെന്ന നിലയിൽ ഗവൺമെൻറ് കണക്കാക്കേണ്ടതാണ്. ബാക്കിയുള്ള തുക താഴെപ്പറയുന്ന പ്രകാരത്തിൽ വീതിക്കണം.

ഗ്രാമ പഞ്ചായത്തുകൾ	78.5%
മുനിസിപ്പാലിറ്റികൾ	8.5%
കോർപ്പറേഷനുകൾ	13.0%"

നടപടി:

ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

ശുപാർശ നം. 7

"മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും തമ്മിലുള്ള വീതം വയ്പ് ജനസംഖ്യയുടെ മാത്രം അടിസ്ഥാനത്തിൽ വീതിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളുടെ കാര്യത്തിൽ അവശ്യം നിർവ്വഹിക്കേണ്ട ചുമതലകൾക്ക് വേണ്ടി വരുന്ന ചെലവും (ശമ്പളം കൊടുക്കാനും തെരുവ് വിളക്കുകൾക്കും ജലവിതരണത്തിനും വേണ്ടി വരുന്ന ചെലവുകൾ) അവയ്ക്ക് ചെലവാക്കാവുന്നതും (ഗ്രാമപഞ്ചായ ത്തുകൾക്ക് പൊതു ആവശ്യത്തിനായുള്ള ഗ്രാൻറ് വിഹിതവും അവരുടെ തനതു വരുമാനവും ചേർത്ത് കണക്കാക്കുന്ന തുകയും) തമ്മിലുള്ള വിടവ് നികത്തുന്നതിനു വേണ്ടി 10 കോടി രൂപാ ഒരു പ്രത്യേക നിധിയായി മാറ്റിവയ്ക്കേണ്ടതാണ്. രണ്ടും മൂന്നും ഗ്രേഡുകളിൽ വരുന്ന ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ഈ വിടവ് പൂർണ്ണമായും. ഒന്നാം ഗ്രേഡ് പഞ്ചായത്തുകളെ സംബന്ധിച്ച് 50% ഉം സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളെ സംബന്ധിച്ച് 25%ഉം മേൽപ്പറഞ്ഞ വിടവ് നികത്താവുന്നതാണ്. ബാക്കി വരുന്ന തുക ജനസംഖ്യാനു പാതികമായി വീതിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 8

"പരിവർത്തന സമയത്ത് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിലേക്ക് ഒരു ഗ്രാമപഞ്ചായത്തിനും നഗരഭരണപ്രദേശത്തിനും ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിൽ

ഒരു കാരണവശാലും തൊട്ട് മുമ്പത്തെ വർഷത്തെ അപേക്ഷിച്ച് കുറവുണ്ടാകരുത് എന്ന് ശുപാർശ ചെയ്യുന്നു."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 8 (ഡി)

പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് :

"പതിനൊന്നാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ചുള്ള ഗ്രാൻറുകൾ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണയായി നൽകേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാൻറ് അനുവദിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്. പദ്ധതി ഗ്രാൻറ് നൽകുന്ന അതേ ഫോർമുല ഇതിനും ബാധകമാണ്.

ശുപാർശ നം. 9

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതായ വിഭവസമാഹരണം.

ശുപാർശ നം. 9(1)

"കെട്ടിടനികുതിയുടെ കാര്യത്തിൽ ഒന്നാം ധനകാര്യകമ്മീഷൻറെ ശുപാർശ നടപ്പിലാക്കണം. കെട്ടിടങ്ങളെ തരംതിരിക്കുന്നതിനും അവയുടെ നികുതി നിശ്ചയിക്കുന്നതിനും താഴെപ്പറയുന്ന രീതി നിർദ്ദേശിക്കുന്നു.

(i) സ്ഥലത്തിൻറെ അടിസ്ഥാനത്തിൽ മേഖല ------ 4 മേഖലകൾ

(ii) കെട്ടിടത്തിൻറെ തരം--------- (എ) സാധാരണ കെട്ടിടം

(ബി) ഇടത്തരം കെട്ടിടം

(സി) ആഢംബര പൂർണ്ണമായ കെട്ടിടം

(iii) ഉപയോഗരീതി

(എ) വ്യാവസായികം

(ബി) വ്യാവസായികേതരം

(iv) മേഖലകൾ തമ്മിലുള്ള താരതമ്യ തരംതിരിവ് -- 1:1.5:2:2.5 എന്ന രീതിയിലാക്കാം.

(v) കെട്ടിടങ്ങളുടെ നിർമ്മിതി വ്യത്യാസം അനുസരിച്ച് ചുമത്തേണ്ട നികുതിയുടെ അനുപാതം --- 1:1.5:2

(vi) വ്യാവസായികേതരവും വ്യാവസായികവുമായ ഉപയോഗത്തിന് ചുമത്തേണ്ട നികുതിയുടെ അനുപാതം --- 1:3

(vii) ഉടമസ്ഥൻറെ സ്വന്തം ഉപയോഗത്തിനും കെട്ടിടത്തിൻറെ പഴക്കത്തിനുമുള്ള കിഴിവുകൾ കേരള മുനിസിപ്പാലിറ്റി ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം."

ശുപാർശ നം. 9(2):

" പുതിയ സമ്പ്രദായം നടപ്പിലാക്കുമ്പോൾ നിയമമനുശാസിക്കുന്ന കരത്തിന്മേൽ ഒരു താഴ്ന്ന പരിധിയോ ഉയർന്ന പരിധിയോ ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല."

നടപടി:

വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് ഒന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രാവർത്തികമാക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണവകുപ്പ് തുടങ്ങിയിട്ടുള്ള സാഹചര്യത്തിൽ 9(1), 9(2) എന്നീ ശുപാർശകളിൻമേൽ തുടർ നടപടി ആവശ്യമില്ല. എന്നാലും നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും ചട്ടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ എത്രയും വേഗം എടുക്കേണ്ടതാണ്.

ശുപാർശ നം. 9 (3)

"പൂർത്തിയാകാത്ത കെട്ടിടങ്ങൾക്ക് ഒരു താൽക്കാലിക നമ്പർ നൽകുന്നതിനും അവയുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കാനും ഉതകുന്ന രീതിയിൽ രണ്ടുതരത്തിലുള്ള നമ്പർ കൊടുക്കാൻ സാധിക്കുന്ന ഒരു സംവിധാനം ശുപാർശ ചെയ്യുന്നു."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 9 (4)

"സ്വയം തൊഴിൽ ചെയ്യുന്ന ചില പ്രത്യേക വിഭാഗങ്ങളെ നികുതിയ്ക്ക് വിധേയമാക്കാൻ വേണ്ടി ഊഹാധിഷ്ഠിത തൊഴിൽക്കരം കൊണ്ടു വരേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. താഴെ പറയുന്ന ഇനങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ടിലെ അനുബന്ധം 9(1) വിപുലപ്പെടുത്തേണ്ടതാണ്.

ഇനം	അർദ്ധവാർഷിക നിരക്ക് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ) രൂപ
1. സ്റ്റോക്ക് എക്സ്ചേഞ്ച് മെംബർമാർ	1000
2. ഇൻഡ്യൻ കംപനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കമ്പനികളുടെ സർക്കാർ നോമിനികളല്ലാത്ത ഡയറക്ടർമാർ	1250
3. സിനിമ/ ടെലിവിഷൻ രംഗത്ത് പ്രവർത്തിക്കുന്നവർ -	
എ) എഴുത്തുകാർ, ക്യാമറാമാൻ, നിശ്ചലഫോട്ടോഗ്രാഫർമാർ	600
ബി) ഗാനരചയിതാക്കൾ, സംവിധായകർ, പിന്നണി	

ഗായകർ, റെക്കോർഡിസ്റ്റുകൾ, എഡിറ്റർമാർ	*1000*
4. സിനിമാ തിയറ്റർ ഉടമ/ ലൈസൻസി	*1250*
5. മണി ലെൻറിംഗ് നിയമപ്രകാരം പണം പലിശക്ക് കൊടുക്കാൻ ലൈസൻസുള്ളവർ	*1250*
6. ചിട്ടി നിയമപ്രകാരം ചിട്ടി നടത്തുന്ന വ്യക്തി/ സ്വകാര്യ സ്ഥാപനം	*1250*
7. എയർ ട്രാവൽ ഏജൻറുമാർ	*1000*
8. ഏതെങ്കിലും വ്യവസായത്തിലോ, തൊഴിലിലോ തൊഴിലധിഷ്ഠിത മേഖലയിലോ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിൻെറ പങ്കാളി	*600*
9. പരസ്യ കമ്പനികൾ/ ഏജൻസികൾ	*750*
10. കൊറിയർ സർവീസ്, ഇൻറർനെറ്റ് കഫേ, കമ്പ്യൂട്ടർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	*450*
11. കേന്ദ്ര-സംസ്ഥാന സർക്കാർ ഉടമസ്ഥതയിലോ, സഹായം ലഭിക്കുന്നതോ അല്ലാത്ത സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പടെ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ	*1250*
12. ഡ്രൈവിംഗ് സ്ക്കൂളുകൾ	*450*
13. കല്യാണമണ്ഡപം/ മതപരമായ സ്ഥാപനങ്ങളുടേതല്ലാത്ത ഹാളുകൾ എന്നിവയുടെ ഉടമസ്ഥൻ	*1250*
14. ബ്യൂട്ടി പാർലറുകൾ, ഡ്രൈ ക്ളീനേഴ്സ്	*600*
15. ടാക്സ് പ്രാക്ടീഷണർമാർ	*750*

ശുപാർശ നം. 9(5)

"കേബിളിനും ഇൻറർനെറ്റിനും വിനോദനികുതി ഏർപ്പെടുത്താവുന്നതാണ്."

നടപടി:

കേബിളിന് മാത്രം വിനോദനികുതി ഏർപ്പെടുത്തിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിനോദനികുതി നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

ശുപാർശ നം. 9(6)

"പരസ്യനികുതിയുടെ മിനിമം നിരക്ക്, സ്ഥലങ്ങളുടെ പ്രാധാന്യവും പരസ്യങ്ങളുടെ സ്വഭാവവും കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽപ്പറഞ്ഞ നികുതി നിശ്ചയിക്കാൻ സഹായകമാവുന്ന തരത്തിൽ പ്രസ്തുത നികുതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊളളിച്ചുകൊണ്ടുള്ള പരസ്യ നികുതി ചട്ടങ്ങൾ ഗവൺമെൻറ് പുറപ്പെടുവിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ നം. 9(7)

"അനധികൃത പരസ്യങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പരസ്യങ്ങളിൽ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അനധികൃത പരസ്യങ്ങൾക്ക് സാധാരണനികുതിയേക്കാൾ അഞ്ചിരട്ടി പിഴ ഈടാക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്തുവരുന്നു.

ശുപാർശ നം. 9(8)

"നെൽപ്പാടങ്ങൾ ഭൂപരിവർത്തനം ചെയ്യുമ്പോൾ അവയുടെ വിലയുടെ 5% വരുന്ന തുക ഭൂപരിവർത്തന നികുതിയായി ഈടാക്കേണ്ടതാണ്. മറ്റ് തരത്തിലുള്ള ഉപയോഗ മാറ്റത്തിന് ഇതിന്റെ പകുതി പരിവർത്തന നികുതിയായി നിശ്ചയിക്കാവുന്നതാണ്. നേരത്തെ കൂട്ടിയുള്ള അനുവാദമില്ലാതെ നടത്തുന്ന ഉപയോഗമാറ്റങ്ങൾക്ക് നെൽപ്പാടങ്ങളെ സംബന്ധിച്ച് സാധാരണ ഭൂപരിവർത്തന നികുതിയുടെ പത്തിരട്ടിയും മറ്റു ഭൂമികൾക്ക് ഭൂപരിവർത്തന നികുതിയുടെ തുല്യമായ ഒരു തുകയും പിഴയായി ഈടാക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. എന്നാൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കുകൾ പരിവർത്തന ശേഷമുള്ള വിലയുടെ അടിസ്ഥാനത്തിൽ വേണം കണക്കാക്കേണ്ടത്. ബന്ധപ്പെട്ട ആക്ടും (കെ.എൽ.യു. ആക്ട് ഉൾപ്പടെ) ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതാണ്.

ശുപാർശ നം. 9(9)

"സേവന നികുതി അവശ്യം നിർവ്വഹിക്കേണ്ട കടമകളുടെ ചെലവുമായി ബന്ധപ്പെടുത്തി നിർബന്ധമാക്കേണ്ടതും. പ്രസ്തുത നികുതി കെട്ടിട നികുരിയുടെ ഒരു നിശ്ചിത ശതമാനമായി നിജപ്പെടുത്തേണ്ടതുമാകുന്നു."

നടപടി:

ശുപാർശ അംഗീകരിച്ചു. ബന്ധപ്പെട്ട ആക്ടിലും ചട്ടങ്ങളിലും ഭേദഗതി ആവശ്യമാണ്. ഇതിന് നടപടി എടുക്കുന്നതാണ്.

ശുപാർശ നം. 9(10)

"സർചാർജ്ജുകളിന്മേലുള്ള പരിധി എടുത്തു കളയേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. ബന്ധപ്പെട്ട ആക്ടും ചട്ടങ്ങളും ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

ശുപാർശ നം. 9(11)

"നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ പലതരത്തിലുള്ള ലൈസൻസുകൾക്ക് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഏറ്റവും കുറഞ്ഞ ഫീസ്നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കണം. ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് മാത്രം ചട്ടങ്ങളിൽനിശ്ചയിച്ചാൽ മതിയാകുന്നതാണ്."

നടപടി:

അനുബന്ധം 9.2ൽ നിഷ്കർഷിച്ചിരിക്കുന്ന തരത്തിലുള്ള ഫീസ് വിവിധയിനങ്ങൾ ഒരേ സ്ഥലത്ത് സംഭരിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന കേസുകളിൽ ഓരോയിനങ്ങൾക്കും ആവശ്യമാണെന്ന് കാണുന്നു. മാർജിൻ ഫ്രീ കടകൾ, ഡിപ്പാർട്ട്മെൻറ് സ്റ്റോറുകൾ തുടങ്ങിയ വലിയ കടകളുടെ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് ഇത് ബുദ്ധിമുട്ടുണ്ടാക്കും. മാർജിൻ ഫ്രീ കടകളിലും, ഡിപ്പാർട്ട്മെൻറ് സ്റ്റോറുകളിലും സ്റ്റേഷനറി, പലവ്യഞ്ജനം തുടങ്ങി വിവിധയിനം സാധനങ്ങൾ സംഭരിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നു. ആയതിനാൽ അവിടെ വിൽപ്പന നടത്തുന്ന സാധനങ്ങളെ 2 വിഭാഗമായി - പലവ്യഞ്ജനം, സ്റ്റേഷനറി, എന്നിവയെ ഒരു വിഭാഗമായും, പ്ലംബിംഗിന് ഉൾപ്പടെയുള്ള ഹാർഡ്വെയർ സാധനങ്ങൾ, സാനിട്ടറി ഇനങ്ങൾ, കെട്ടിടനിർമ്മാണ സാമഗ്രികൾ എന്നിവയെ മറ്റൊരു വിഭാഗവുമായി - തരം തിരിച്ച് കച്ചവടത്തിന്റെ തോതനുസരിച്ച് ഫീസ് ചുമത്താവുന്നതാണ്. താഴെ പറയുന്ന തരം തിരിവ് സ്വീകരിക്കാവുന്നതാണ്.

പലവ്യഞ്ജനവും സ്റ്റേഷനറിയും: മുളക്, മല്ലി, ധാന്യങ്ങൾ, തേയില, കാപ്പി, പഞ്ചസാര, ശർക്കര, ധാന്യമാവുകൾ, മഞ്ഞൾ, ഭക്ഷ്യഎണ്ണകൾ, മസാലകൾ, ഉപ്പ്, ഉരുളക്കിഴങ്ങ്, ഉള്ളി, കാലിത്തീറ്റകൾ, കശുവണ്ടി തുടങ്ങിയവ; സോപ്പ്, ടാൽക്കം പൗഡർ, സൗന്ദര്യവർദ്ധക വസ്തുക്കൾ, പ്ലാസ്റ്റിക് സാധനങ്ങൾ, ബിസ്ക്കറ്റുകൾ, മിഠായി, ഇറച്ചി, സ്ക്വാഷ്, പോളിത്തീൻ ഇനങ്ങൾ, മെഴുകുതിരി, കീടനാശിനികൾ തുടങ്ങിയവ; ശിശുക്കളുടെ ആഹാരം, ഫാൻസി സാധനങ്ങൾ, തീപ്പെട്ടി, സിഗരറ്റ്, ബീഡി, മൂക്കുപ്പൊടി, കളിപ്പാട്ടങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങൾ, ചന്ദനത്തിരികൾ, ഓഫീസ് സാധനങ്ങൾ, കടലാസ്, പനിനീർ, വാഹനങ്ങൾക്കുള്ളതല്ലാത്ത ബാറ്ററികൾ എന്നിവ.

താഴെ പറയുന്ന നിരക്കുകൾ ഇവയ്ക്ക് ബാധകമാക്കാവുന്നതാണ്.

	എ	ബി	സി
		രൂപ	
പഞ്ചായത്ത്	1500	1000	500
മുനിസിപ്പാലിറ്റി	2000	1500	1000
മുനിസിപ്പൽ കോർപ്പറേഷൻ	2500	2000	1500

പ്ലംബിംഗ് സാധനങ്ങൾ ഉൾപ്പടെയുള്ള ഹാർഡ്വെയറുകൾ; ഉരുക്കും ഉരുക്കുകമ്പികളും, വാഷ് ബേസിൻ, ക്ളോസറ്റ്, പെയിൻറ്, ടർപെൻറയിൻ, എ.സി ഷീറ്റ്, ഭാരം കുറഞ്ഞ മേച്ചിൽ ഷീറ്റ്, പി.വി.സി/ടിൻ/അലൂമിനിയം ഷീറ്റ്, ഫൈബർ ഷീറ്റ്, മിനുസമുള്ള ഓടുകൾ മുതലായവ. താഴെ പറയുന്ന നിരക്കുകൾ ഇവയ്ക്ക് ബാധകമാക്കാവുന്നതാണ്.

	എ	*ബി*	*സി*
		രൂപ	
പഞ്ചായത്ത്	*1800*	*1200*	*800*
മുനിസിപ്പാലിറ്റി	*2250*	*1500*	*1000*
മുനിസിപ്പൽ കോർപ്പറേഷൻ	*2800*	*2000*	*1200*

മറ്റുള്ളവയുടെ കാര്യത്തിൽ ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ അനുബന്ധം 9.2ൽ ശുപാർശ ചെയ്തിരിക്കുന്ന ലൈസൻസ് ഫീസുകൾ അംഗീകരിച്ചിട്ടുണ്ട്.

ശുപാർശ നം. 9(12)

"കാലാകാലങ്ങളിൽ പുതുക്കേണ്ട ലൈസൻസുകളേയും പെർമിറ്റു കളേയും സംബന്ധിച്ച് 10 ദിവസത്തിനുമേൽ വരുന്ന കാലവിളംബത്തിന് ലൈസൻസു ഫീസിൻെറ 25% പിഴ ഈടാക്കേണ്ടതാണ്. ഇതിനുമേൽ ഓരോ 15 ദിവസത്തിനേറയും കാലതാമസത്തിന് 25% കണ്ട് മേൽപ്പറഞ്ഞ പിഴ വർദ്ധിപ്പിക്കാവുന്നതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

ശുപാർശ നം. 9(13)

"തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലേലം വഴിയും മറ്റും വിവിധ തരത്തിലുള്ള റവന്യു സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിന് അതാത് സ്ഥലങ്ങളിൽ നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്. നടത്താനിരിക്കുന്ന ലേലങ്ങളെ സംബന്ധിച്ച് ഒരു ജില്ലാതല പൊതുവിജ്ഞാപനം ഡിസംബർ മാസത്തിൽ പുറപ്പെടുവിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 9(14)

"കച്ചവട ലൈസൻസുകളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ നിലവിലിരിക്കുന്ന വിറ്റുവരവിൻെറ അടിസ്ഥാനത്തിലുള്ള കണക്കാക്കൽ സമ്പ്രദായം നിർത്തലാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ പ്രദേശങ്ങൾക്കും ബാധകമാകുന്ന രീതിയിൽ ചെറുകിട, ഇടത്തര, വൻകിട കച്ചവടങ്ങൾക്ക് അവയുടെ സ്വഭാവ മനുസരിച്ച് വ്യത്യസ്ത നിരക്കുകൾ ഗവൺമെൻറ് തീരുമാനിച്ച് വിജ്ഞാപനം ചെയ്യേണ്ടതുമാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 9(15)

"കച്ചവടസ്ഥാപനങ്ങൾക്കുവേണ്ടി ഒരു പ്രത്യേക നമ്പറിടിൽ സംവിധാനം നടപ്പാക്കേണ്ടതാണ്."

നടപടി:

നിർദ്ദേശം അംഗീകരിച്ചു.

ശുപാർശ നം. 9(16)

"താഴെപ്പറയുന്ന ഫീസുകൾ വർദ്ധിപ്പിക്കേണ്ടതാണ്.

i. സിനിമാ തീയേറ്ററുകൾക്കുള്ള നിർമ്മിതി ഫീസ്.
ii. കേരള പൊതുവിനോദ സങ്കേത നിയമമനുസരിച്ചുള്ള ലൈസൻസ് ഫീസുകൾ
iii സ്വകാര്യ ചന്തകൾക്കുള്ള ലൈസൻസ് ഫീസ്.
iv. സ്വകാര്യ കശാപ്പുശാലകൾക്കുള്ള ലൈസൻസ് ഫീസ്.
v ദല്ലാളുമാർ, കമ്മീഷനേജൻറുമാർ. അളവ് തൂക്കക്കാർ എന്നിവർക്കുള്ള ലൈസൻസ് ഫീസ്.
vi. കശാപ്പുകാർ, മീൻകച്ചവടക്കാർ. കോഴിക്കച്ചവടക്കാർ എന്നിവർക്കുള്ള ലൈസൻസ് ഫീസ്
vii. കച്ചവടത്തിനുവേണ്ടി മൃഗങ്ങളെ സൂക്ഷിക്കുന്ന സ്ഥലങ്ങൾക്കുള്ള ലൈസൻസ് ഫീസ്.
viii. ചന്തപ്പിരിവുകൾ,
ix. പൊതുവിരാമ സ്ഥലങ്ങൾ. വണ്ടിത്താവളങ്ങൾ എന്നിവയ്ക്കുള്ള പ്രവേശന ഫീസ്
x. കശാപ്പ് ശാലകൾക്കുള്ള പ്രവേശന ഫീസ്.
xi. ശ്മശാനങ്ങൾ,ശവപ്പറമ്പുകൾ, വൈദ്യുതി ശ്മശാനങ്ങൾ എന്നിവക്കുള്ള സേവന വസൂലാക്കലുകൾ."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 9(17)

"ഇറച്ചിക്കടകൾ നടത്തുന്നതിനും ജലാശയങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നതിനുമുള്ള അവകാശം ആവശ്യമായ പ്രചരണം കൊടുത്തുകൊണ്ട് ഓരോ വർഷവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം ലേലം ചെയ്ത് കൊടുക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 9(18)

"നഗരഭരണ പ്രദേശങ്ങൾ കേരളാ മുനിസിപ്പാലിറ്റി ആക്ടിന്റെ 376-ാം വകുപ്പനുസരിച്ച് ചെയ്തുവരുന്നതുപോലെ ഗ്രാമപഞ്ചായത്തുകളും പൊതു സ്ഥലങ്ങളിൽ താല്ക്കാലിക കടകൾ നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. അങ്ങനെ നൽകുന്ന ഭൂമിയിൻമേൽ യാതൊരു അവകാശവും ഉണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിന്മേൽ ഓരോമേള/ ഉത്സവകാലയളവിലും പരമാവധി 15 ദിവസത്തേക്ക് മാത്രമേ ഈ അവകാശം നൽകാവൂ. ഓരോ കടകളും പ്രത്യേകം ലേലം ചെയ്യണം.ലൈസൻസി ഉയർത്തിയേക്കാവുന്ന താത്ക്കാലിക ഷെഡ് തന്റെ സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും നീക്കം ചെയ്തുകൊള്ളാമെന്നുള്ള ഒരു കരാർ നിശ്ചിത തുകക്കുള്ള മുദ്രപത്രത്തിൽ എഴുതി വാങ്ങിയതിനു ശേഷമേ ഭൂമി ഉപയോഗിക്കാൻ അനുവദിക്കാവൂ. ഈ കരാർ ലംഘിക്കുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനംതന്നെ ഷെഡ് പൊളിച്ചുമാറ്റേണ്ടതും ലൈസൻസിയുടെ ജാമ്യത്തുക കണ്ടുകെട്ടേണ്ടതും ആണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ കഷ്ട നഷ്ടങ്ങളും ചെലവുകളും ലൈസൻസി തന്നെ വഹിക്കേണ്ടതാണ്.

ശുപാർശ നം. 10:

ഒന്നാം സംസ്ഥാനധനകാര്യ കമ്മീഷൻ ശുപാർശകളെ സംബന്ധിച്ചുള്ള തുടർ നടപടികൾ

ശുപാർശ നം. 10(1):

"ഗ്രാമപഞ്ചായത്തുകൾക്കും. നഗരഭരണ പ്രദേശങ്ങൾക്കുമുള്ള പരസ്യ നികുതി ചട്ടങ്ങൾ ഉടനടി പുറപ്പെടുവിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. (തീരുമാനം 9(6) കാണുക). തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ നം. 10(2):

"വസ്തു കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിനായി ഭൂമിയുടെ കുറഞ്ഞ വില നിർണ്ണയിക്കാനുള്ള നടപടികൾ കഴിയുന്നതും വേഗം പൂർത്തീകരിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 10(3):

"നികുതി ഭൂവിവര ശേഖരണം ഉടനെ തന്നെ തുടങ്ങുകയും പ്രത്യേക പ്രൈമിസസ് നമ്പരിടീൽ സംവിധാനം നടപ്പിലാക്കുകയും വേണം."

നടപടി:

ശുപാർശ അംഗീകരിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ നം. 10(4):

"കെ.യു.ഡി.എഫ്.സി.യും റൂറൽ ഡെവലപ്മെൻറ് ബോർഡും ലയിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഒരൊറ്റ ധനകാര്യ സ്ഥാപനം കൊണ്ടുവരേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് തുടർനടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ നം. 10(5):

"കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അയവ് വരുത്തുന്നതിനും ലംഘനങ്ങൾ നിയമ വിധേയമാക്കുന്നതിനും ചുമത്തുന്ന ഫീസിൻെറ 50% ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിനോ നഗരഭരണ പ്രദേശത്തിനോ നൽകേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. വിശദവിവരങ്ങൾ തയ്യാറാക്കി വരുന്നു.

ശുപാർശ നം. 10(6):

"പുറമ്പോക്കിൻെറ ഉപയോഗത്തിന് ഗ്രാമ പഞ്ചായത്തുകളേയും നഗരഭരണ പ്രദേശങ്ങളേയും ഒരു പ്രതിദിന ഫീസ് ഈടാക്കുന്നതിന് അധികാരപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെൻറ് താമസംവിനാ ഒരു തീരുമാനം എടുക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. റവന്യൂ വകുപ്പ് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ നം. 10(7):

"ഒരു റവന്യൂ വില്ലേജും ഒന്നിലധികം ഗ്രാമപഞ്ചായത്തിൻേറയോ നഗരഭരണ പ്രദേശത്തിൻേറയോ ഭൂപരിധി കവിഞ്ഞ്പോകാതിരിക്കത്തക്ക രീതിയിൽ റവന്യൂ വില്ലേജുകളുടേയും ഗ്രാമപഞ്ചായത്തുകളുടേയും/ നഗരഭരണപ്രദേശങ്ങളുടേയും അതിർത്തി ക്രമീകരിക്കേണ്ടതാണ്."

നടപടി:

വില്ലേജുകളുടെ ആകെയുള്ള എണ്ണം കുറയ്ക്കാതെ തന്നെ കമ്മീഷൻ ശുപാർശ നടപ്പിലാക്കാവുന്നതാണ് എന്ന് സർക്കാർ കരുതുന്നു. ഇപ്രകാരം ശുപാർശ അംഗീകരിക്കുന്നു. അനന്തര നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണ്.

ശുപാർശ നം. 10(8):

"ഏൽപ്പിക്കുന്ന നികുതികളിലും പങ്കുവെയ്ക്കുന്ന നികുതികളിലും അംഗീകരിക്കപ്പെട്ട തോതുകളിൽ മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ് ഗവൺമെൻറ് പരിഹരിച്ചു കൊടുക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. കുടിശ്ശികത്തുക മിക്കവാറും എല്ലാംതന്നെ നൽകിയിട്ടുള്ളതിനാൽ ശുപാർശയിന്മേൽ തുടർനടപടി ആവശ്യം ഇല്ലെന്ന് നിർദ്ദേശിക്കുന്നു.

ശുപാർശ നം. 11:

നടപടി നിബന്ധനകൾ

ശുപാർശ നം. 11(1):

"തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കിട്ടേണ്ട പദ്ധതി ഗ്രാൻറ്. സംരക്ഷണഗ്രാൻറ്. പൊതുഗ്രാൻറ് എന്നിവയുടെ ഏറ്റവും കുറഞ്ഞ വിഹിതം വ്യക്തമാക്കിക്കൊണ്ട് കേരള പഞ്ചായത്ത്രാജ് ആക്റ്റിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലും ആവശ്യമായ നിയമഭേദഗതികൾ വരുത്തേണ്ടതാണ്.

നടപടി:

ശുപാർശ അംഗീകരിച്ചു. നിലവിൽ കുട്ടികളുടെ ഉച്ചഭക്ഷണ പരിപാടിയുടെ ചെലവ് വഹിക്കുന്നത് വിദ്യാഭ്യാസവകുപ്പിന്റെ ശീർഷകത്തിൽ നിന്നും, ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായുള്ള ഇടപാട് തീർക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബുദ്ധിമുട്ട് നേരിടുന്ന തിനാൽ, ഈ പരിപാടിയ്ക്കാവശ്യമായ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംക്രമണം ചെയ്യേണ്ടതാണ്. സാധനങ്ങൾ എവിടെ നിന്ന് വാങ്ങണമെന്നുള്ള കാര്യം ചട്ടങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു തന്നെ തീരുമാനിക്കാവുന്നതാണ്.

ശുപാർശ നം. 11(2):

"ഓരോ മാസവും തുടക്കത്തിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്ക് അവകാശപ്പെട്ട തുക സ്വാഭാവികമായും കിട്ടുന്ന വിധത്തിൽ ഒരു സംവിധാനം ഉണ്ടാകണം"

നടപടി:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്ക് അവകാശപ്പെട്ട തുക സ്വാഭാവികമായും ലഭിക്കുന്നു എന്നുറപ്പു വരുത്തുന്നതിനുള്ള ഉത്തരവ് ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനാൽ ഈ ശുപാർശയിൽ തുടർ നടപടി ആവശ്യമില്ല.

ശുപാർശ നം. 11(3):

"സംരക്ഷണാവശ്യങ്ങൾക്ക് ചെലവാക്കേണ്ടിവരുന്നതുക നിർണ്ണയിക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനതും കൈമാറ്റം ചെയ്തുകിട്ടിയതുമായ ആസ്തികളുടെ ഒരു സർവേ നടത്തേണ്ടതും. ഈ സർവെയുടെ കണ്ടെത്തലുകൾ സംരക്ഷണാവശ്യങ്ങൾക്കുവേണ്ടി കൊടുക്കുന്ന പണത്തിന്റെ തോത് നിർണ്ണയിക്കുവാൻ ഉപയോഗിക്കേണ്ടതുമാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 11(4):

"ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും നൽകുന്ന മുന്നതരം ഗ്രാന്റുകളുടേയും പെൻഷനുകൾക്കും. ഉച്ചഭക്ഷണത്തിനും നൽകുന്ന ഗ്രാന്റുകളുടേയും വിഹിതം കാണിക്കുന്ന ഒരു പ്രത്യേക ബഡ്ജറ്റ് രേഖ തയ്യാറാക്കേണ്ടതാണ്. മറ്റു ഗ്രാന്റുകളുടെ കാര്യത്തിൽ ഓരോ ജില്ലയുടെ വിഹിതവും അത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും വീതിച്ചുകൊടുക്കേണ്ടുന്ന തത്വവും കാണിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു. ആസൂത്രണവകുപ്പ് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

ശുപാർശ നം. 11(5):

"കെട്ടിടനികുതി, സേവനനികുതി, പരസ്യനികുതി തുടങ്ങിയ നികുതികളും, നികുതിയേതര പിരിവുകളും വിലനിലവാരവുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതാണ്. പരസ്യ നികുതി തുടങ്ങിയ നികുതിയേതര ലൈസൻസുകൾക്ക് മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം ശാരീരികാധ്വാനം ഇല്ലാത്ത ജോലിക്കാർക്ക് വേണ്ടിയുള്ള തിരുവനന്തപുരത്തെ ഉപഭോക്തൃ വിലസൂചികയും, ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം കർഷകത്തൊഴിലാളി കൾക്കുവേണ്ടിയുള്ള സംസ്ഥാനത്തെ ഉപഭോക്തൃവിലസൂചികയും അടിസ്ഥാനപ്പെടുത്തി രണ്ട് കൊല്ലത്തിലൊരിക്കൽ പരിഷ്കരണം നടത്തേണ്ടതാണ്. തൊഴിൽ കരത്തിനും സേവന നികുതിക്കും നാല് കൊല്ലത്തിലൊരിക്കൽ പരിഷ്കരണം ശുപാർശ ചെയ്യുന്നു."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 11(6):

"തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് ഓംബുഡ്സ്മാന്റെ അംഗീകാരം വാങ്ങിക്കേണ്ടതാണ്."

നടപടി:

ഓംബുഡ്സ്മാന്റെ എണ്ണം ഒന്നായി വെട്ടിക്കുറച്ചിരിക്കുന്നതിനാൽ ഈ നിർദ്ദേശം സ്വീകരിക്കേണ്ടതില്ല.

ശുപാർശ നം. 11(7):

"തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെജീവനക്കാരുടേയും ഗവൺമെന്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യാസം ചെയ്യേണ്ട ജീവനക്കാരേയും സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിന് ഒരു 'ലോക്കൽ ഗവൺമെന്റ് സ്റ്റാഫ് കമ്മീഷൻ' രൂപീകരിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 11(8):

"എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക സംരക്ഷണത്തിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 11(9):

"അനുവദനീയമല്ലാത്ത വകമാറ്റിച്ചെലവുകൾക്ക് അതിന് ഉത്തരവാദിയായവരിൽ നിന്നും പ്രതിമാസം 2% പിഴപ്പലിശ ഈടാക്കുന്ന ശിക്ഷ കൊണ്ടുവരേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 11(10):

"ഗ്രാമപഞ്ചായത്തുകൾക്കും. മുനിസിപ്പാലിറ്റികൾക്കും. കോർപ്പറേഷനുകൾക്കും അവരവരുടെ തനതു വരുമാനത്തിൽ വരുന്ന മുഴുവൻ തുകകളും ഒരൊറ്റ അക്കൗണ്ടിൽ ഒടുക്കുന്നതിനുള്ള സംവിധാനം വേണം."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 11(11):

"പദ്ധതി ഗ്രാൻറിനും സംരക്ഷണ ഗ്രാൻറിനും നിലവിലിരിക്കുന്ന പി.ഡി. അക്കൗണ്ട് സംവിധാനം മാറ്റി ട്രഷറികളിൽ നിന്നും ബില്ലുമുഖേന പണം പിൻവലിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്."

നടപടി:

2-7-2003ലെ 2096-ാം നമ്പർ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1-4-2004 മുതൽ ബിൽ സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് 9-7-2003ൽ ജി.ഒ(പി)381/2003/ധന. എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2004-05 വർഷത്തേക്ക്, 2004 ജൂൺ മുതൽ 30-9-2004 വരെ ഗ്രാന്റ് വിതരണം ചെയ്യുന്നതിന് ഒരു പ്രത്യേക രീതി അവലംബിച്ചിട്ടുണ്ട്.

ശുപാർശ നം. 11(12):

"ഗവൺമെൻറ് അംഗീകരിക്കുന്ന ധനകാര്യ കമ്മീഷൻറെ ശുപാർശകളുടെ തുടർ നടപടി കൈക്കൊള്ളുന്നതിനും അവ പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിനും വേണ്ടി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിക്കേണ്ടതാണ്."

നടപടി:

ശുപാർശ അംഗീകരിച്ചു.

ശുപാർശ നം. 12:

"തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ സാമ്പത്തിക കാര്യങ്ങളും അതതു സമയം തന്നെ അവലോകനം ചെയ്യുന്നതിനുവേണ്ടി ധനകാര്യ വകുപ്പിനും തദ്ദേശ സ്വയംഭരണ വകുപ്പിനും സംയുക്തമായി നിയന്ത്രണമുള്ള ഒരു സെല്ല് രൂപീകരിക്കേണ്ടതാണ്."

നടപടി:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ വീക്ഷിക്കുന്നതിനായി ഇപ്പോൾ തന്നെ ധനകാര്യ വകുപ്പിൽ ഒരു സെൽ പ്രവർത്തിക്കുന്നുണ്ട്. സമകാലിക നിരീക്ഷണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിനെക്കൂടി ബന്ധപ്പെടുത്തുന്നതാണ്.